# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 302 — 24-06-2013-ന് മറുപടി നൽകേണ്ടത്

## വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഉപഭോക്തൃ സംരക്ഷണ നിയമം എന്നിവയെക്കുറിച്ച് ബോധവത്കരണം

**ചോദ്യം**

ശ്രീ. സി.എഫ്. തോമസ്
ശ്രീ. റ്റി.യു. കുരുവിള
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ജനങ്ങളെ ചൂഷണത്തിൽ നിന്നും മുക്തമാക്കുന്നതിന് 'വിവരാവകാശ നിയമം', 'സേവനാവകാശ നിയമം', 'ഉപഭോക്തൃ സംരക്ഷണ നിയമം' എന്നിവയെക്കുറിച്ച് ത്രിതല പഞ്ചായത്തുകൾ വഴിയും അച്ചടി-ദൃശ്യമാധ്യമങ്ങൾ വഴിയും വ്യാപകമായ ബോധവത്കരണം നൽകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ ; | (എ) യും (ബി) യും<br>വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഉപഭോക്തൃ സംരക്ഷണ നിയമം എന്നിവയെക്കുറിച്ച് വ്യാപകമായ ബോധവത്കരണം, ദൃശ്യ-അച്ചടി മാധ്യമങ്ങൾ വഴിയും വിവര പൊതുജന സമ്പർക്ക വകുപ്പു മുഖേനയും നടത്തിവരുന്നതിന് നടപടികൾ വ്യാപകമായി സ്വീകരിച്ചിട്ടുണ്ട്. വിവരാവകാശ നിയമം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിയമത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും വിവരാവകാശ വാരാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലാ പഞ്ചായത്തുകളിലെ ജനപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് യോഗങ്ങളും, തിരുവനന്തപുരം ഐ.എം.ജി.യുമായി സഹകരിച്ച് ഏകദിന ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് വിവരാവകാശ നിയമത്തെക്കുറിച്ചും അതിന്റെ പ്രായോഗികതയെക്കുറിച്ചും അവബോധമുണ്ടാക്കുന്നതിന് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ചുമതലയും ഐ.എം.ജി.യെയാണ് ഏല്പിച്ചിട്ടുള്ളത്. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പുവഴി വിവരാവകാശ നിയമത്തെക്കുറിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള "അറിയാനുള്ള അവകാശ നിയമം" എന്ന ലഘുലേഖ പ്രസ്തുത വകുപ്പിന്റെ ജില്ലാ ഓഫീസുകൾ മുഖേന പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുന്നു.<br><br>എല്ലാ വകുപ്പുകളോടും സ്ഥാപനങ്ങളോടും |
| (ബി) | ഇത്തരത്തിലുള്ള നിയമങ്ങൾ പ്രാവർത്തികമാക്കുന്നതിനും വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | |

(............2)

| | | |
|---|---|---|
| | | വിവരാവകാശ നിയമ പ്രകാരമുള്ള വിവരങ്ങൾ ടി നിയമ പ്രകാരം വിജ്ഞാപനം ചെയ്യണമെന്ന് 23-11-2012-ലെ 21145/എ.ആർ.12(1)/12/ഉ.ഭ.പൊ.വി. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം നാളിതുവരെ 47 സർക്കാർ വകുപ്പുകളും 11 അനുബന്ധ സ്ഥാപനങ്ങളും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഉപഭോക്താക്കളുടെ അവകാശങ്ങൾ ഉപഭോക്തൃ സംരക്ഷണ നിയമത്തിലൂടെ നേടിയെടുക്കുവാൻ സാധിക്കും എന്നതിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് ശില്പശാലകൾ, ഉപഭോക്തൃ ദിനാചരണം എന്നിവ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ ശാക്തീകരിക്കുന്നതിനും സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ പ്രവർത്തനം വിലയിരുത്തി അവർക്കാവശ്യമായ സാമ്പത്തിക സഹായം നൽകി അവരുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. ഉപഭോക്താക്കളുടെ പരാതികൾ സ്വീകരിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള കൺസ്യൂമർ ഹെൽപ്പ് ലൈൻ കുറ്റമറ്റതാക്കി മാറ്റുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന/ജില്ലാതല കൺസ്യൂമർ സംരക്ഷണ കൗൺസിലുകൾ പുനഃസംഘടിപ്പിച്ച് അവയെ സജീവമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**